കാസർഗോഡ് ജില്ല-ആദൂരിൽ ദളിത് യുവതിയെ പീഡിപ്പിച്ചത് സംബന്ധിച്ച്

234 (235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആദൂർ പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തിയ ആദൂർ സ്വദേശിയായ ദളിത് യുവതിയെ പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയെന്നും പ്രതികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത കേസിൽ ഏതെങ്കിലും പ്രതികളെ പിടികൂടാനുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കാസർഗോഡ് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2/2014 u/s 376(a) (b) IPC, 3(i) (xii), 3(2) (v) of SCST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളായ (1) മുഹമ്മദ് ഖനീഫ S/o ഹുസൈൻ കുട്ടി ഹാജി, (2) സുധാകരൻ (ഗ്രേഡ് എസ്.ഐ.), ആദൂർ എന്നിവരെ അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹു. കോടതി ടിയാൻമാരെ റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഇല്ല. ഈ കേസ്സിൽ മറ്റ് പ്രതികൾ ആരും തന്നെയില്ല.

ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

235 (236) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഉണ്ട് :

(ബി) കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസുകാരുടെ കുറ്റത്തിന്റെ ഗൗരവം അനുസരിച്ച് ശിക്ഷ പുനഃപരിശോധിക്കുമോ ;

(സി) ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷ ഇളവ് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly